# ML010102-മലയാളഭാഷ  ചരിത്രവും വർത്തമാനവും

1. ഒറ്റതിരിഞ്ഞു പോയതിനാൽ അന്യഭാഷകളുടെ അതിക്രമം അധികം തട്ടീട്ടുണ്ട് എന്ന് ഏ.ആർ. രാജരാജവർമ്മ ഏതു ദ്രാവിഡഭാഷയെപ്പറ്റിയാണ് പറയുന്നത്?
   a. മാൽട്ടോ  b. ബ്രാഹുയി  c. കുറുഖ്
2. കൊടുന്തമിഴിൽ നിന്നാണ് മലയാളം ഉണ്ടായത് എന്ന വാദം അവതരിപ്പിച്ചതാര് ?
   a. ഇളംകുളം കുഞ്ഞൻപിള്ള  b. ശൂരനാട്ടു കുഞ്ഞൻപിള്ള  c. ഏ. ആർ. രാജരാജവർമ്മ
3. കേരളഭാഷയിലെ ആദ്യ ഗദ്യകൃതിയേത്?
   a. ദൂതവാക്യംഗദ്യം  b. അംബരീഷോപാഖ്യാനം  c. ഭാഷാകൗടലീയം
4. മാതൃഭാഷ എന്നതിനു പകരം ജോർജ്ജുമാത്തൻ ഉപയോഗിക്കുന്ന പദമേത്?
   a. ബാലഭാഷ  b. നാട്ടുഭാഷ  c. ജന്മഭാഷ
5. ‘തമിഴ് രാജ്യം മുതൽ മലയാളരാജ്യനിവാസികളായ മുസ്ലീം ജനവും വിദ്യാഭ്യാസവും വരെ’ എന്ന ലേഖനം ആരുടേതാണ്?
   a. മോയിൻകുട്ടി വൈദ്യർ  b. പുലിക്കോട്ടിൽ ഹൈദർ c. മക്തി തങ്ങൾ
6. ഉദിയംപേരൂർ സുനഹദോസ് നടന്ന വർഷം
   a. 1498  b. 1599  c. 1698
7. മലപ്പുറം പടപ്പാട്ട് ആരുടെ കൃതിയാണ്?
   a. മോയിൻകുട്ടി വൈദ്യർ  b. മുഹയുദ്ദീൻ ശൈഖ്  c. പുലിക്കോട്ടിൽ ഹൈദർ
8. രാമചരിതത്തിനു സമാന്തരമായി മണിപ്രവാള ശാഖയിൽ ഉണ്ടായതെന്നു കരുതപ്പെടുന്ന മണിപ്രവാള ത്തിലെ ഏറ്റവും പഴയ കൃതി
   a. വൈശികതന്ത്രം b. ഉണ്ണുനീലിസന്ദേശം  c. ലീലാതിലകം
9. കേരള കാളിദാസൻ എന്നും ഭാഷാഗദ്യത്തിന്റെ പിതാവ് എന്നും കീർത്തികേട്ട മഹാൻ ആരാണ്?
   a.കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ  b. കേരളവർമ്മ വലിയകോയിത്തമ്പുരാൻ  c. ഏ. ആർ. രാജരാജവർമ്മ
10. ഏതൊരു ഭാഷയുടെയും അഭിവൃദ്ധിയുടെ അടിസ്ഥാനം എന്താണെന്നാണ് സഹോദരൻ അയ്യപ്പൻ പറയുന്നത്?
    a. ഭാഷ സംസാരിക്കുന്ന ജനങ്ങളുടെ അഭിവൃദ്ധി b. ഭാഷയുടെ ക്ലാസിക്കൽ പദവി  c. ഭാഷയുടെ ഭരണഭാഷാപദവി
11. ജനാധിപത്യവ്യവസ്ഥിതിയിലെ നീതിന്യായ നിർവഹണത്തിന്റെ അടിസ്ഥാന തത്വമായി എൻ.വി. കൃഷ്ണവാര്യർ ചൂണ്ടിക്കാട്ടുതെന്ത്?
    a. ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ കോടതിനടത്തുക  b. സുപ്രീം കോടതിയിൽ പ്രാദേശിക ഭാഷകളിൽ വാദിക്കാനവസരം നൽകുക  c. നീതിന്യായ നിർവഹണത്തിന് എല്ലായിടത്തും വിശ്വഭാഷയായ ഇംഗ്ലീഷ് ഉപയോഗിക്കുക
12. മലയാളം എന്ന പദത്തിന്റെ വ്യാകരണസാധുവായ നിരുക്തിയേത്
    a. മല+ആളം  b. മല+ആഴം  c. മല+അളം
13. ഇന്ത്യയുടെ മാനസികദാസ്യത്തിന്റെ ലക്ഷണമായി തായാട്ടു ശങ്കരൻ കണക്കാക്കുന്നതെന്ത്?
    a. ഹിന്ദിയെ പ്രചരിപ്പിക്കാൻ കഴിയാത്തത്  b. ഇംഗ്ലീഷിനെച്ചൊല്ലിയുള്ള ഭാഷാഭ്രാന്ത്  c. ഇന്ത്യയിൽ എല്ലാവർക്കുമറിയാവുന്ന ഭാഷയില്ലാത്തത്
14. കേരളപാണിനീയം ഒന്നാം പതിപ്പ് പ്രസിദ്ധീകരിച്ച വർഷം
    a. 1896  b. 1906  c. 1917
15. കേരളപ്പഴമ എന്ന കൃതിയുടെ കർത്താവ്?
    a. ശൂരനാട്ടു കുഞ്ഞൻപിള്ള  b. ഇളംകുളം കുഞ്ഞൻപിള്ള  c. ഹെർമ്മൻ ഗുണ്ടർട്ട്
16. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നിലവിൽ വന്ന വർഷം
    a. 1948  b. 1978  c. 1980
17. ദക്ഷിണേന്ത്യയിൽ ഏറ്റവുമധികം ശതമാനം ആളുകൾ സംസാരിക്കുന്ന സംസ്ഥാനഭാഷയേത്?
    a. തമിഴ്  b. മലയാളം  c. തെലുങ്ക്

18. എല്ലാ ലോകഭാഷകളിലെയും മുഴുവൻ അക്കങ്ങളെയും അക്ഷരങ്ങളെയുംചിഹ്നങ്ങളെയും ഉൾക്കൊള്ളുന്ന എൻകോഡിങ് വ്യവസ്ഥയേത്?

a. യൂണികോഡ് b. യൂണിക്സ് c. ആസ്കീ

19. ഫിറ്റ്നെസിനെ അതിന്റെ ശരീരപരതയിൽ മാത്രം നോക്കിക്കാണുന്ന പഠനശാഖ ഏതാണ്?

a. ഫിസിക്കൽ ഫിറ്റ്നെസ് b. സോഷ്യൽ ഫിറ്റ്നെസ് c. കോസ്മെറ്റിക് ഫിറ്റ്നെസ്

20. പ്രയോഗവിജ്ഞാനത്തിന്റെ വളർച്ചയിൽ സ്വാധീനം ചെലുത്തിയ തത്വചിന്തകർ ആരെല്ലാം

a. പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ലോംഗിനസ് b. ജോൺ എൽ ഓസ്റ്റിൻ, ജോൺ സേലീ, എച്ച്. പി.ഗ്രൈസ് c. ഹെന്റ്റിച്ച് കെ. ഓസ്റ്റിൻ, ബ്രാഡ് ഹോഗ്, തോമസ് മൻ

21. കേരളപാണിനീയത്തിൽ വിവരിക്കുന്ന ഏതു നയം അനുസരിച്ചാണ് 'അവളുടയ' എന്നത് 'അവളുടെ' ആയി പരിണമിക്കുന്നത്?

a. താലവ്യാദേശം b. അംഗഭംഗം c. പുരുഷഭേദനിരാസം

22. ഏറ്റവും പഴക്കമുള്ള ആട്ടപ്രകാരമേത്?

a. മന്ത്രാങ്കം ആട്ടപ്രകാരം b. നളചരിതം ആട്ടപ്രകാരം c. അശോകവനികാങ്കം ആട്ടപ്രകാരം

23. ഭാഷാകൗടലീയത്തിന്റെ മൂലഗ്രന്ഥമായ അർത്ഥശാസ്ത്രത്തിൽ എത്ര അധികരണങ്ങളുണ്ട്

a. 15 b. 12 c. 20

24. "അന്യഭാഷ പഠിക്കുന്നതിനു വേണ്ടിവരുന്ന സമയത്തെ ഉപകാരമുള്ള കാര്യങ്ങളെ വശമാക്കുന്നതിനുവേണ്ടി ചെലവിടാമല്ലോ" എന്നു പറഞ്ഞതാര്?

a. ജോർജ്ജുമാത്തൻ b. ഏ.ആർ.രാജരാജവർമ്മ c. ഹെർമ്മൻ ഗുണ്ടർട്ട്

25. ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന അറബിമലയാള കൃതിയെഴുതിയതാര്?

a. ശൈഖ് സൈനുദ്ദീൻ b. മോയിൻകുട്ടി വൈദ്യർ c. മുഹയുദ്ദീൻ ശൈഖ്

26. സംക്ഷേപ വേദാർത്ഥം പ്രസിദ്ധീകരിച്ച വർഷമേത്?

a.1768 b. 1772 c. 1599

27. താഴെപ്പറയുന്നതിൽ പ്രണയം വിഷയമായ കൃതിയേത്?

a. ബദർപടപ്പാട്ട് b. നഫീസത്തുമാല c. ബദറുൽ മുനീർ ഹുസ്നുൽജമാൽ

28. വജ്രസൂചിഎന്ന കൃതിയുടെ കർത്താവ്?

a. ശൂരനാട്ടു കുഞ്ഞൻപിള്ള b. ഇളംകുളം കുഞ്ഞൻപിള്ള c. ഹെർമ്മൻ ഗുണ്ടർട്ട്

29. കേരള സാഹിത്യചരിത്രം ആരുടെ കൃതിയാണ്?

a. പി. കെ.പരമേശ്വരൻ നായർ b. എരുമേലി പരമേശ്വരൻ പിള്ള c. ഉള്ളൂർ എസ്. പരമേശ്വരയ്യർ

30. മലയാളത്തിന്റെ അഭിവൃദ്ധിക്കുള്ള സ്വാഭാവിക മാർഗ്ഗം അടഞ്ഞുപോകാൻ കാരണം

a. മലയാളത്തിന്റെ അഭിവൃദ്ധിക്കായി സർക്കാർ ധനം നൽകാത്തത് b. മലയാളം സംസാരഭാഷയായി മാത്രം ഉപയോഗിക്കുന്നത്. c. രാഷ്ട്രഭാഷയെന്ന നിലയിലുള്ള ഹിന്ദിയുടെ ആധിപത്യം

31. എൻ.വി. കൃഷ്ണവാര്യരുടെ അഭിപ്രായത്തിൽ ജനങ്ങൾക്കു നിയമ സാക്ഷരത ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?

a. ചെറിയ ക്ലാസുമുതൽ നിയമപഠനം നിർബന്ധമാക്കുക b. വക്കീലന്മാർ നാട്ടുഭാഷയിൽ നിയമഗ്രന്ഥങ്ങൾ രചിക്കുക c. കോടതി നടപടികൾ പ്രാദേശിക ഭാഷകളിലാക്കുക.

32. നമ്മുടെ ഭാഷ ആരുടെ കൃതിയാണ്?

a. ശൂരനാട്ടു കുഞ്ഞൻ പിള്ള b. ഇ.എം.എസ്. c. എൻ.വി.കൃഷ്ണവാര്യർ

33. പൗരന്റെ നിലവാരമളക്കുന്നതിനുള്ള ദിവ്യമായ തുക്കക്കട്ടി എന്നു വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

a. പാശ്ചാത്യരീതിയിലുള്ള ജീവിതനിലവാരം b. ദേശസ്നേഹവും ഭാഷാഭിമാനവും c. ഇംഗ്ലീഷ് സംസാരിക്കാനുള്ള തൊണ്ടവഴക്കം

34. കേരളപാണിനീയത്തിന്റെ സമൂലം പരിഷ്കരിച്ച രണ്ടാം പതിപ്പിന് അവതാരികയെഴുതിയതാര്?

a. എൻ. കൃഷ്ണപിള്ള b. പി.കെ.നാരായണപിള്ള c. കേരളവർമ്മ വലിയകോയിത്തമ്പുരാൻ

35. സംക്ഷേപ വേദാർത്ഥത്തിന്റെ ഉള്ളടക്കമെന്ത്?

a. ഋഗ്വേദസംഗ്രഹം b. ചതുർവേദ സംഹിതയുടെ അർത്ഥം c. ബൈബിൾ സംഗ്രഹം

36. ബ്രിക് രാജ്യങ്ങളിൽ ഉന്നതവിദ്യാഭ്യാസത്തിന് പ്രാദേശികഭാഷ മാധ്യമമാക്കാത്ത രാജ്യമേത്?
    a. ബ്രസീൽ b. റഷ്യ c. ഇന്ത്യ
37. "മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ മർത്യന് പെറ്റമ്മ തൻഭാഷ താൻ" എന്ന വരികൾ ആരുടേത്?
    a. ആശാൻ b. സഹോദരനയ്യപ്പൻ c. വള്ളത്തോൾ
38. ഹൈപ്പർടെക്സ്റ്റ് എന്നതിനു പകരമുപയോഗിക്കുന്ന മലയാളപദം
    a. വെബ്ദർശിനി b. കണ്ണി c. തിരമൊഴി
39. മലയാളത്തിലെ വാഹനമാസിക ഏത്?
    a. ഫാസ്റ്റ്ട്രാക്ക് b. ഓട്ടോഗിയർ c. വാഹനമലയാളം
40. പടനായകൻ എന്ന ലേഖനത്തിൽ പരാമർശിക്കപ്പെടുന്ന ഫുട്ബോൾ ടീം
    a. ഇന്ത്യ b. പോർച്ചുഗൽ c. അർജന്റീന
41. കേരളപാണിനീയത്തിൽ വിവരിക്കുന്ന ഏതു നയം അനുസരിച്ചാണ് 'നാൻ' എന്ന പദം 'ഞാൻ' ആയി പരിണമിക്കുന്നത്?
    a. താലവ്യാദേശം b. പുരുഷഭേദ നിരാസം c. അനുനാസികാതിപ്രസരം
42. ലീലാതിലകത്തിന്റെ രചനാകാലം
    a. 18-ാം നൂറ്റാണ്ട് b. 8-ാം നൂറ്റാണ്ട് c. 14-ാം നൂറ്റാണ്ട്.
43. കണ്ടകശോധനം എന്ന ഭാഗം ഏതു കൃതിയിലേതാണ്?
    a. ബാലാഭ്യസനം b. ഭാഷാകൗടലീയം c. മിഷണറി മലയാള ഗദ്യമാതൃകകൾ
44. സത്യവാദഖേടം ആരുടെ കൃതിയാണ്?
    a. ഇട്ടിത്തൊമ്മൻ കത്തനാർ b. ഗുണ്ടർട്ട് c. ജോർജ്ജുമാത്തൻ
45. മുഹയിദ്ദീൻ മാല എന്ന കൃതി എഴുതിയിരിക്കുന്നത് ഏതു ഭാഷയിലാണ്
    a. അറബിഭാഷ b. അറബിമലയാള ഭാഷ c. മലയാളഭാഷ
46. മലയാളഭാഷയ്ക്ക് വ്യാകരണമെഴുതിയ ആദ്യത്തെ വിദേശമിഷണറി
    a. ഹെർമ്മൻ ഗുണ്ടർട്ട് b. റോബർട്ട് കാൽഡ്വെൽ c. ആഞ്ചലോസ് ഫ്രാൻസിസ്
47. മുസ്ലിം സ്ത്രീകൾക്കുവേണ്ടി മാത്രം പുറത്തിറങ്ങിയ അറബി മലയാള മാസികയേത്?
    a. ഹിദായത്തുൾ ഇഖ്വാൻ b. നിസാ ഉൽ ഇസ്ലാം c. റഫീഖുൽ ഇസ്ലാം
48. മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായതാണെന്നു വിശ്വസിച്ച പണ്ഡിതൻ
    a. വടക്കുംകൂർ രാജരാജവർമ്മ b. ഉള്ളൂർ c. ഏ. ആർ. രാജരാജവർമ്മ
49. പാശ്ചാത്യ പരിഷ്കാരമനുസരിച്ചുള്ള ആധുനിക വിദ്യാഭ്യാസം ആരംഭിച്ചത്?
    a. കൊല്ലവർഷം1112 ൽ b. കൊല്ലവർഷം1042 ൽ c. കൊല്ലവർഷം1085 ൽ
50. മലയാളഭാഷയുടെ അഭിവൃദ്ധിക്കുവേണ്ടി വലിയ വേലകൾ ചെയ്തതിൽ അഗ്രഗണ്യൻ എന്ന് സഹോദരൻ അയ്യപ്പൻ വിശേഷിപ്പിക്കുന്നത് ആരെയാണ്
    a. കേരളവർമ്മ വലിയകോയിത്തമ്പുരാൻ b. എഴുത്തച്ഛൻ c. ഏ. ആർ. രാജരാജവർമ്മ
51. ജനങ്ങൾക്ക് നിയമസാക്ഷരതപോലെ ആവശ്യമാണ് കോടതികൾക്ക് രാഷ്ട്രീയ സാക്ഷരതയുമെന്ന് പ്രസ്താവിച്ചതാര്?
    a. വി. ആർ. കൃഷ്ണയ്യർ b. ബി. ആർ. അംബേദ്കർ c. എൻ.വി.കൃഷ്ണവാര്യർ
52. വിക്ടർ യൂഗോവിന്റെ നോവൽ പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാര്?
    a. എൻ.കെ.ദാമോദരൻ b. നാലപ്പാട്ടു നാരായണമേനോൻ c. ഒ.വി. വിജയൻ
53. "ഒരന്യഭാഷ വശപ്പെടുത്തുന്നതിൽ മാത്രമല്ല അതിലൂടെ മറ്റു വിഷയങ്ങൾ സ്വായത്തമാക്കുന്നതിലും അടങ്ങിയ അധ്വാനത്തിന്റെ ദുർവ്യയം ഭാരിച്ചതാണ്." എന്നു പറഞ്ഞതാര്?
    a. തായാട്ടു ശങ്കരൻ b. മഹാത്മാ ഗാന്ധി c. സർദാർ കെ. എം. പണിക്കർ
54. കേരളകൗമുദി എന്ന വ്യാകരണഗ്രന്ഥം എഴുതിയത്
    a. അപ്പ നെടുങ്ങാടി b. കോവുണ്ണി നെടുങ്ങാടി c. ആറ്റൂർ കൃഷ്ണപിഷാരടി
55. വർത്തമാനപ്പുസ്തകം എന്ന യാത്രാവിവരണകൃതിയുടെ കർത്താവാര്?
    a. പാറേമ്മാക്കൽ തോമാക്കത്തനാർ b. പാറേക്കാട്ടിൽ ചാക്കോക്കത്തനാർ c. ക്ലമന്റ് പിയാനിയൂസ്
56. എല്ലാ ഇന്ത്യൻ ഭാഷകളുടെയും മൂല ലിപിയെന്നു കരുതപ്പെടുന്നത്
    a. ദേവനാഗരി ലിപി b. വട്ടെഴുത്ത് ലിപി c. ബ്രാഹ്മി ലിപി
57. മാതൃഭാഷയെ സാമൂഹ്യമായ അർത്ഥത്തിൽ ആദ്യമായി നിർവചിച്ചതാര്?

a. ദാന്തേ b. ദസ്തയേവ്സ്കി c. പ്ലേറ്റോ

58. കമ്പ്യൂട്ടറിൽ മലയാളത്തിന്റെ തനതുലിപിയെ പുനരുജ്ജീവിപ്പിച്ച പ്രസ്ഥാനം

a. സി-ഡാക് b. രചന അക്ഷരവേദി c. മലയാള ഐക്യവേദി

59. മാസികകളിൽ വാഹനങ്ങളുടെ മോടിയെ സൂചിപ്പിക്കുന്ന വിശേഷണങ്ങളുടെ പൊതു പ്രത്യേകതയായി ലേഖകൻ കരുതുന്നത്

a. ആശയ ദാരിദ്ര്യം b. ലിംഗപരത c. അതിശയോക്തി

60. പ്രയോഗ വിജ്ഞാനത്തെ 'സൂചകങ്ങൾക്ക് അവയുടെ വ്യാഖ്യാതാക്കളുമായുള്ള ബന്ധത്തെക്കുറിച്ചുള്ള പഠനം' എന്നു നിർവചിച്ചതാര്?

a. ചാൾസ് മോറിസ് b. എഡ്വേർഡ് ഹീലി c. ജോൺ സേലി

61. ഖിലോപസംഗ്രഹത്തിനുദാഹരണം

a. വരിൻ b. നിങ്ങൾ c. അലൈഞ്ഞു

62. സംക്ഷേപ വേദാർത്ഥം പ്രസിദ്ധീകരിച്ച വർഷം

a. 1632 b. 1498 c. 1772

63. ഡോ. കെ. എം. പ്രഭാകരവാര്യരുടെ നിഗമനമനുസരിച്ച് ഭാഷാകൗടലീയത്തിന്റെ കാലം?

a. 11-ാംനൂറ്റാണ്ട് b. 13-ാം നൂറ്റാണ്ട് c. 10-ാം നൂറ്റാണ്ട്

64. ഭാഷയിൽ നിപുണതയുണ്ടാകാൻ എന്തു ചെയ്യണമെന്നാണ് ജോർജ്ജുമാത്തൻ പറയുന്നത്.

a. നല്ല എഴുത്തുകാരുടെ കൃതികൾ വായിക്കുക b. വ്യാകരണവിദ്യ വശമാക്കുക c. മാതൃഭാഷയോടൊപ്പം മറ്റുഭാഷകളും പഠിക്കുക

65. രാജ്യനിയമം അറിയാതെ ദോഷപ്പെടുന്നതിനും സമ്പാദ്യം അന്യർക്കു കൊടുത്തു നഷ്ടപ്പെടുന്നതിനും കാരണമെന്താണെന്നാണ് മക്തി തങ്ങൾ പറയുന്നത്?

a. മിതവ്യയ ശീലവും നിയമജ്ഞാനവുമില്ലാത്തത് b. രാജ്യത്തെ നിയമവ്യവസ്ഥ അറിയാത്തത് c. മലയാളം എഴുതി പഠിക്കാത്തത്

66. 1821 ൽ കോട്ടയത്ത് സി.എം.എസ്. പ്രസ് സ്ഥാപിച്ചതാര്?

a. ബെഞ്ചമിൻ ബെയ്ലി b. ഹെർമ്മൻ ഗുണ്ടർട്ട് c. ഗുട്ടൻബർഗ്ഗ്

67. ആദ്യത്തെ അറബിമലയാളം അച്ചുക്കൂടം സ്ഥാപിച്ച വർഷം

a. 1864 b. 1862 c. 1860

68. ഭാഷാസംക്രമണവാദം അവതരിപ്പിച്ചതാര്?

a. ഏ. ആർ. രാജരാജവർമ്മ b. ഡോ. കെ. ഗോദവർമ്മ c. സി. എൽ. ആന്റണി

69. മറാട്ടി, ഹിന്ദി, ബംഗാളി ഭാഷകൾക്കുള്ള പുരോഗതി മലയാളത്തിനില്ലാത്തതിനു കാരണം?

a. സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിൽ നിന്നും ലഭിച്ച അറിവുകൾ ഉപയോഗിക്കാത്തത് b. ആധുനിക സ്കൂളുകൾ യഥാസമയം ആരംഭിക്കാത്തത്. c. മലയാളികളുടെ അമിതമായ ഇംഗ്ലീഷ് പ്രേമം

70. ഗവണ്മെന്റിന്റെ അനാവശ്യവും ദോഷകരവുമായ നടപടി എന്ന് സഹോദരൻ അയ്യപ്പൻ വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

a. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അനുവദിക്കുന്നത് b. ഇംഗ്ലീഷിനെ ഭരണഭാഷയാക്കിയത് c. മലയാളികളെ ജോലിക്കായി വിദേശത്തു പോകാനനുവദിക്കുന്നത്

71. 1982 ഫെബ്രുവരി 1 മുതൽ സിവിൽ കോടതികളിലെ വ്യവഹാരങ്ങൾക്ക് പ്രാദേശികഭാഷ ഉപയോഗിച്ച സംസ്ഥാനം

a. കേരളം b. തമിഴ് നാട് c. മഹാരാഷ്ട്ര

72. മലയാളശൈലി എന്ന പുസ്തകം രചിച്ചതാര്?

a. വടക്കുംകൂർ രാജരാജവർമ്മ b. കുട്ടികൃഷ്ണമാരാര് c. ശൂരനാട്ടു കുഞ്ഞൻപിള്ള

73. ലോകമെങ്ങും അംഗീകരിച്ച ലഘുതത്വം എന്നു തായാട്ടു ശങ്കരൻ വിശേഷിപ്പിക്കുന്നതെന്തിനെയാണ്?

a. കുട്ടിയുടെ പഠനഭാഷ മാതൃഭാഷയായിരിക്കണം b. മാതൃഭാഷ കുട്ടി തനിയേ പഠിച്ചുകൊള്ളും c. കുട്ടി ആദ്യം സംസാരിക്കുന്ന ഭാഷയാണ് അവന്റെ മാതൃഭാഷ

74. കേരളഭാഷയുടെ വികാസപരിണാമങ്ങൾ എന്ന ഗ്രന്ഥം രചിച്ചതാര്

a. ഇളംകുളം കുഞ്ഞൻപിള്ള b. ശൂരനാട്ടു കുഞ്ഞൻപിള്ള c. സി. എൽ. ആന്റണി

75. പുല്ലേലിക്കുഞ്ചു എന്ന കൃതിയുടെ രചയിതാവാര്?

a. കല്ലൂർ ഉമ്മൻ പീലിപ്പോസ് b. മിസ്സിസ് കോളിൻസ് c. ആർച്ച് ഡീക്കൻ കോശി

76. ഇന്തോ ആര്യൻ ഗോത്രത്തിൽപ്പെട്ട ഭാഷ?

a. ബ്രാഹ്വയി b. ബംഗാളി c. കുറുഖ്

77. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭാഷയെ സംബന്ധിച്ച് യൂറോപ്പിൽ രൂപപ്പെട്ട കാഴ്ചപ്പാടെന്ത്

a. മാതൃഭാഷാപഠനം അനിവാര്യമല്ല b. അന്യഭാഷകളെ മാതൃഭാഷയെപ്പോലെ സ്വീകരിക്കണം c. ഭാഷയാണ് ദേശീയതയുടെ അടിസ്ഥാനം

78. മലയാളഭാഷയിലെ ആദ്യത്തെബ്ലോഗ് ഏത്?

a. എന്റെ മലയാളം b. ജാലകം c. കൊടകരപുരാണം

79. പൂർവകേരളഭാഷ എന്ന കൃതി എഴുതിയതാര്?

a. കെ.എം. പ്രഭാകരവാര്യർ b. വേണുഗോപാലപ്പണിക്കർ c. നടുവട്ടം ഗോപാലകൃഷ്ണൻ

80. മലയാളം മലയാളിയോളം എന്ന പുസ്തകം എഴുതിയതാര്?

a. ഡോ. കെ. എം ജോർജ്ജ് b. ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായർ c. ഇ.വി.എൻ നമ്പൂതിരി

81. ദ്രാവിഡഭാഷകൾ ഏതു കക്ഷ്യയിൽപ്പെടുന്നു?

a. വൈകൃത കക്ഷ്യ b. അപശ്ലിഷ്ട കക്ഷ്യ c. സംശ്ലിഷ്ട കക്ഷ്യ

82. മിഷണറി മലയാള ഗദ്യമാതൃകകൾ എന്ന പുസ്തകത്തിന്റെ കർത്താവാര്

a. സാമുവൽ ചന്ദനപ്പള്ളി b. സ്കറിയാ സക്കറിയ c. പാറക്കാട്ടു കത്തനാർ

83. ലഭ്യമായ ഭാഷാകൗടലീയത്തിൽ എത്ര അധികരണങ്ങളാണുള്ളത്?

a. ഏഴ് b. പന്ത്രണ്ട് c. പതിമൂന്ന്

84. ഭാഷ പൂർണ്ണമാവണമെങ്കിൽ എന്തുവേണമെന്നാണ് ജോർജ്ജുമാത്തൻ പറയുന്നത?

a. എല്ലാ വ്യവഹാരങ്ങളും മാതൃഭാഷയിലാകണം b. അന്യഭാഷകളുമായി സമ്പർക്കം വേണം c. അനേകം പുസ്തകങ്ങൾ എഴുതപ്പെടണം

85. വേദാഭ്യാസം ദോഷപ്പെടുന്നതിന് മക്തിതങ്ങൾ പറയുന്ന കാരണമെന്ത്?

a. അറബിഭാഷ പഠിക്കാത്തത് b. മലയാളം പഠിക്കാത്തത് c. വേദം പഠിപ്പിക്കാൻ നല്ല ഗുരുക്കന്മാരില്ലാത്തത്

86. സംക്ഷേപവേദാർത്ഥത്തിന്റെ കർത്താവാര്?

a. ബെഞ്ചമിൻ ബെയ്ലി b. ക്ലമന്റ് പിയാനിയൂസ് c. കരിയാറ്റിൽ യൗസേപ്പ് മൽപ്പാൻ

87. മാലപ്പാട്ടുകൾക്ക് തുടക്കംകുറിച്ച കൃതിയേത്?

a. വെള്ളപ്പൊക്കമാല b. മുഹിയുദ്ദീൻ മാല c. മഹമ്മൂദ് മാല

88. മലയാളലിപി രേഖപ്പെടുത്തി ആദ്യമായി അച്ചടിച്ച ഗ്രന്ഥം

a. ഹോർത്തൂസ് മലബാറിക്കസ് b. വർത്തമാനപ്പുസ്തകം c. സത്യവാദഖേടം

89. മലയാളത്തിലെ ശാസ്ത്രഗ്രന്ഥദാരിദ്ര്യം തീരാൻ ഏ. ആർ. നിർദ്ദേശിക്കുന്ന വഴി

a. പാഠപുസ്തകങ്ങൾ മലയാളത്തിൽ അച്ചടിക്കുക b. ശാസ്ത്രഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുക c. ശാസ്ത്രബിരുദധാരികൾ അവരവരുടെ വിഷയത്തിൽ പുസ്തകമെഴുതുക

90. കോടതി നടപടികൾ നാട്ടുകാരുടെ ഭാഷയിൽ എന്ന ലേഖനം എഴുതിയതാര്?

a. ശൂരനാട്ടു കുഞ്ഞൻപിള്ള b. ജസ്റ്റിസ് നരേന്ദ്രൻ c. എൻ.വി.കൃഷ്ണവാര്യർ

91. സാഹിത്യസാഹ്യം ആരുടെ കൃതിയാണ്

a. ഏ. ആർ. രാജരാജവർമ്മ b. എൻ.വി.കൃഷ്ണവാര്യർ c. ശൂരനാട്ടു കുഞ്ഞൻപിള്ള

92. രാഷ്ട്രീയാടിമത്തത്തേക്കാൾ ആപൽക്കരമായത് എന്നു തായാട്ടു ശങ്കരൻ അടയാളപ്പെടുത്തുന്നത് എന്തിനെയാണ്?

a. ഭരണാധിപത്യം b. മാനസികമായ അടിമത്തം c. ഹിന്ദിഭാഷാധിപത്യം

93. ഭാഷാഭിവൃദ്ധിക്കായി ഏ. ആർ. മുന്നോട്ടുവച്ച പ്രധാന നിർദ്ദേശമെന്തായിരുന്നു?

a. മലയാളം സർക്കാർഭാഷയും വിദ്യാഭ്യാസ ഭാഷയും ആകണം b. ഇംഗ്ലീഷ് ഭാഷാപരിചയമുള്ളവരെ അധ്യാപനത്തിൽ നിജപ്പെടുത്തണം c. വിജ്ഞാന സമ്പത്ത് ഏറെയുള്ള ഭാഷയെ മാതൃഭാഷയായി സ്വീകരിക്കണം

94. രാജ്യസമാചാരം പ്രസിദ്ധീകരിച്ചതാര്

a. ഹെർമ്മൻ ഗുണ്ടർട്ട് b. ഗുട്ടൻബർഗ്ഗ് c. ബെഞ്ചമിൻ ബെയ്ലി

95. ഫുട്ബോൾ ലോകത്തെ മെദീനയുടെ രാജാവ് എന്നു വിശേഷിപ്പിക്കപ്പെടുന്നത് ആരെയാണ്?

a. ലയണൽ മെസ്സി b. മാറഡോണ c. ക്രിസ്റ്റ്യാനോ റൊണാൾഡോ

96. മാതൃഭാഷയെ മുൻനിർത്തി വിജ്ഞാനം വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1937 ൽ കേരളത്തിൽ സ്ഥാപിച്ച സർവകലാശാല

   a. കോഴിക്കോട് സർവകലാശാല  b. മലയാള സർവകലാശാല  c. തിരുവിതാംകൂർ സർവകലാശാല

97. സൈബർ സ്പേസ് എന്ന പദം ആദ്യമായി ഉപയോഗിച്ച വ്യക്തി ആര്?

   a. ചാൾസ് ബാബേജ്  b. വില്യം ഗിബ്സൺ  c. പീറ്റർ മെർഹോൾസ്

98. വാഹനം, മലയാളം, മലയാളി എന്ന ലേഖനം എഴുതിയതാര്?

   a. സി.ആദർശ്  b. പി.കെ. ആദർശ്  c. വി. കെ. ആദർശ്

99. ഭാഷയും പ്രയോക്താക്കളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിക്കുന്ന ഭാഷാശാസ്ത്രശാഖയേത്?

   a. പ്രയുക്ത ഭാഷാശാസ്ത്രം  b. പ്രയോഗവിജ്ഞാനം  c. ശ്രവണാത്മക ഭാഷാശാസ്ത്രം

100. കൈരളിയുടെ കഥ എന്ന പുസ്തകം എഴുതിയതാര്?

   a. എൻ. കൃഷ്ണപിള്ള  b. പി.കെ.നാരായണപിള്ള  c. കേരളവർമ്മ വലിയകോയിത്തമ്പുരാൻ